**മധുരമായ കുട്ടികളേ - യോഗേശ്വരനായ അച്ഛൻ വന്നിരിക്കുകയാണ് നിങ്ങളെ രാജയോഗം പഠിപ്പിക്കുവാനായി, ഈ യോഗത്തിൽകൂടി തന്നെയാണ് നിങ്ങൾ വികർമ്മങ്ങളെ വിജയിച്ചവരായി ഭാവിയിൽ വിശ്വ മഹാരാജാ-മഹാറാണി ആകുന്നത്.**

**ചോദ്യം:-** വികർമ്മങ്ങളിൽ നിന്ന് രക്ഷ നേടാനായി ഏതൊരു പ്രതിജ്ഞയാണ് ഓർമ്മിക്കേണ്ടത്?
**ഉത്തരം:-** എനിക്ക് ഒരു ശിവബാബ, മറ്റാരുമേയില്ല. ഒരു ബാബയോട് സത്യമായ ആത്മീയ സ്നേഹം വെക്കണം. ഈ പ്രതിജ്ഞ ഓർമ്മയുണ്ടെങ്കിൽ വികർമ്മങ്ങൾ ഉണ്ടാകില്ല. മായ ദേഹാഭിമാനത്തിൽ കൊണ്ടുവന്ന് തലതിരിഞ്ഞ കർമ്മങ്ങൾ ചെയ്യിക്കുന്നു. ബാബ ഉസ്താദ് ആണ്, ബാബയെ ഓർമ്മിച്ചുകൊണ്ട് മായയോട് പൂർണ്ണമായും യുദ്ധം ചെയ്യുകയാണെങ്കിൽ പരാജയം ഉണ്ടാകുകയില്ല.

**ചോദ്യം:-** ബാബക്ക് തന്റെ മക്കളെ പ്രതി ഏതൊരു ആശയാണ് ഉള്ളത്?
**ഉത്തരം:-** ഏതുപോലെ ലൗകിക അച്ഛൻ ആഗ്രഹിക്കാറുണ്ടല്ലോ ഞാൻ മക്കളെ പഠിപ്പിച്ച് ഉയർന്നവരാക്കും, പരിധിയില്ലാത്ത അച്ഛനും പറയുകയാണ് ഞാൻ എന്റെ മക്കളെ സ്വർഗ്ഗത്തിലെ ദേവതമാരാക്കും. കുട്ടികൾ എന്റെ ശ്രീമതം അനുസരിച്ച് മാത്രം നടക്കൂ എങ്കിൽ ശ്രേഷ്ഠരാകാം.

**ഗീതം:-** ഭാഗ്യമുണർത്തി വന്നൂ ...

**ഓം ശാന്തി.** മധുര-മധുരമായ മക്കൾ അറിയുന്നു നാം നമ്മുടെ പുതിയ ഭാഗ്യം ഉണർത്താൻ ഇവിടെ വന്നിരിക്കുകയാണ്. ആരുടെ അടുത്ത്? യോഗേശ്വരന്റെ അടുത്ത്, പഠിപ്പിക്കുന്നവനായ ഈശ്വരന്റെ അടുത്ത്. ഇതിനെ രാജയോഗം എന്ന് പറയുന്നു. ഈശ്വരൻ യോഗം പഠിപ്പിക്കുന്നു, ഏത് യോഗം? ഹഠയോഗമാണെങ്കിൽ അനേക പ്രകാരത്തിൽ ഉണ്ട്. ഇത് ഭൗതിക യോഗം അല്ല. സന്യാസിമാരുടേത് തത്വ യോഗം, ബ്രഹ്മയോഗം എന്നിവയാണ്. അവർക്ക് ഈശ്വരൻ യോഗമൊന്നും പഠിപ്പിക്കുന്നില്ല. നിങ്ങൾ കുട്ടികൾ അറിയുന്നുവല്ലോ പരമപിതാവായ പരമാത്മാവ് നമ്മെ കല്പം മുൻപ് എന്നപോലെ വീണ്ടും രാജയോഗം പഠിപ്പിക്കുകയാണ്. സന്യാസിമാർ ഇങ്ങനെ ഒരിക്കലും പറയില്ല. ഈ യോഗം കല്പം മുൻപ് പഠിപ്പിച്ചിരുന്നതാണ് മാത്രമല്ല ഇപ്പോഴും പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ് എന്ന്. നിങ്ങൾ കുട്ടികൾക്ക് പറയാൻ സാധിക്കും, ആ ഹഠയോഗികൾക്ക് രാജയോഗം പഠിപ്പിക്കാൻ കഴിയില്ല. നമ്മെ പഠിപ്പിക്കുന്നത് ശിവബാബയാണ്, അതിനാൽ യോഗേശ്വരൻ എന്ന് വിളിക്കുന്നു. മനുഷ്യർ തെറ്റിദ്ധാരണയാൽ കൃഷ്ണനെ യോഗേശ്വരൻ എന്ന് വിളിക്കുന്നു. കൃഷ്ണൻ സത്യയുഗത്തിലെ രാജകുമാരനാണ്, അവിടെ യോഗത്തിന്റെ കാര്യമേയില്ല. ഇത് വളരെ നല്ല പോയിന്റ് ആണ്, മനസ്സിലാക്കികൊടുക്കാനുള്ള ഉപായങ്ങൾ പഠിച്ചുവെക്കൂ. യുക്തിയിലൂടെ മനസ്സിലാക്കി കൊടുക്കണം. യോഗത്തിലാണ് നിങ്ങളുടെ എല്ലാ ആശ്രയവും, എത്രത്തോളം യോഗത്തിൽ ഇരിക്കുന്നുവോ അത്രയും വികർമ്മ-വിജയികളാകാം. ഭാരതത്തിന്റെ പ്രാചീനമായ യോഗം വളരെ മഹിമയുണ്ട്. ഈ രാജയോഗം പരമപിതാവായ പരമാത്മാവിനല്ലാതെ മറ്റാർക്കും പഠിപ്പിക്കാൻ കഴിയില്ല, അതിനാൽ ബാബയുടെ പേര് യോഗേശ്വരൻ എന്നാണ്. ഈശ്വരൻ തന്നെയാണ് രാജയോഗം പഠിപ്പിക്കുന്നത്. എന്തിനുവേണ്ടിയാണ് രാജയോഗം പഠിപ്പിക്കുന്നത്? എന്താ ഭാരതത്തിന്റെ രാജ്യഭരണം നൽകുമോ? അല്ല, ഭാരതത്തിന്റെ കാര്യം മാത്രമല്ല. നിങ്ങൾ കുട്ടികളെ മുഴുവൻ വിശ്വത്തിന്റേയും അധികാരി ആക്കുന്നതിനു വേണ്ടിയാണ് രാജയോഗം പഠിപ്പിക്കുന്നത്. ഈ ഉദ്ദേശലക്ഷ്യം വ്യക്തമാണ്. ഭരണം നടത്തുന്നത് ഏതെങ്കിലും ഒരു തുണ്ട് സ്ഥലത്ത് ആയിരിക്കും, വിശ്വത്തിൽ ആയിരിക്കില്ല എങ്കിലും പറയുമ്പോൾ ഉദ്ദേശിക്കുന്നത് വിശ്വത്തിന്റെ അധികാരി എന്നാണ്.

നിങ്ങൾ കുട്ടികൾ അറിയുന്നുണ്ട് പുതിയ ലോകത്തിനു വേണ്ടി നാം ഭാഗ്യം ഉണ്ടാക്കി വന്നിരിക്കയാണ്. മുഴുവൻ ലോകവും പുതിയതായി മാറുന്നു. തലസ്ഥാനം ഭാരതമാണ്. നിങ്ങളുടെ പുതിയ വിശ്വത്തിലും തലസ്ഥാനം ഡൽഹി ആയിരിക്കും. അത് ദേവലോകം എന്നപേരിൽ മഹിമ പാടപ്പെട്ടിരിക്കുന്നു. നിങ്ങളാണ് ജ്ഞാന ദേവതകൾ. ജ്ഞാനസാഗരത്തിൽ മുങ്ങിപ്പൊങ്ങി മനുഷ്യനിൽ നിന്നും സ്വർഗ്ഗത്തിലെ ദേവതയായി മാറുന്നു. ഇത് മാനസ സരോവരമല്ലേ. പറയാറുണ്ട് അവിടെ സ്നാനം ചെയ്യുന്നതിലൂടെ മനുഷ്യൻ ദേവതയായി മാറുന്നു എന്ന്. നിങ്ങൾ ഇവിടെ വന്നിരിക്കുന്നു സ്വർഗ്ഗത്തിലെ ദേവത ആകുവാനായി. നിങ്ങൾ ചക്രവർത്തീ പദവി നേടുന്നു. നിങ്ങളുടെ പക്കൽ സ്വർണ്ണാഭരണങ്ങളും മറ്റും ധാരാളം ഉണ്ടാകും. നിങ്ങൾ പറയും ഞങ്ങൾ രാജയോഗം പഠിക്കുകയാണ്, അതിൽകൂടി ഭാവിയിൽ മഹാരാജാവും മഹാറാണിയും ആകും. എന്നാൽ ശ്രീമതം അനുസരിച്ച് നല്ലരീതിയിൽ പോകുകയാണെങ്കിൽ മാത്രം.

പ്രജകളിൽ പോകുന്നവരും ദേവതയാകും എന്ന് കരുതരുത്, ഇല്ല. ശ്രീമതത്തിൽ കൂടി ദിവ്യഗുണങ്ങൾ ധാരണ ചെയ്യണം. ലൗകിക അച്ഛന്മാർക്ക് മക്കളിൽ മോഹം ഉണ്ടാകുമ്പോൾ പറയും കുട്ടികളെ പഠിപ്പിച്ച് ഉയർന്നവരാക്കും എന്ന്. ഈ അച്ഛനും പറയുകയാണ് ഇവരെ തീർത്തും സ്വർഗ്ഗത്തിലെ ദേവതകളാക്കും. ശ്രീമതത്തിൽ കൂടി എത്രത്തോളം പോകുന്നുവോ അത്രയും ശ്രേഷ്ഠമാകും. ഒരു പ്രയാസവും ഇല്ല. ധനികർക്ക് കേൾക്കുന്നതിന് സമയം കിട്ടുന്നില്ല, കേവലം ദരിദ്രർക്ക് മാത്രമേ സമയം കിട്ടുന്നുള്ളൂ. നിങ്ങൾക്കുള്ളയത്രയും സാവകാശം മറ്റാർക്കും ഇല്ല, ആർക്കാണോ അലച്ചിൽ കൂടുതൽ, അവരുടെ യോഗം ഉറയ്ക്കുന്നില്ല.

ഇന്ന് ബാബ പെൺകുട്ടിയോട് ചോദിക്കുകയായിരുന്നു നിനക്കറിയുമോ നാം ആരുടെ രഥത്തിന്റെ സേവനമാണ് ചെയ്യുന്നത് എന്ന്. കുതിരയെ സംരക്ഷിക്കുന്നവന് ഇത് അറിയാമായിരിക്കും ഞാൻ ഇന്ന മുതലാളിയുടെ കുതിരയെയാണ് സംരക്ഷിക്കുന്നത്. നീയും അറിയുന്നുണ്ടല്ലോ ഇത് ആരുടെ രഥമാണെന്ന്. അഥവാ ശിവബാബയെ ഓർമ്മിച്ചുകൊണ്ട് നീ ഈ രഥത്തിന്റെ സേവനം ചെയ്യുകയാണെങ്കിൽ നിനക്ക് ഒരുപാടുപേരേക്കാൾ ഉയർന്ന പദവി നേടാൻ കഴിയും. ഇത് രഥമാണ്, ഓർമ്മിക്കേണ്ടത് ശിവബാബയെയാണ്. ഇതും ഓർമ്മയിലിരുന്നാൽ തോണി അക്കരെയെത്തും. ബാബ എവിടത്തേക്കുവേണ്ടിയാണ് പഠിപ്പിക്കുന്നത്? ഭാവിയിലെ പുതിയ ലോകത്തിനുവേണ്ടി, എന്നാൽ പഠിപ്പിക്കുന്നത് സംഗമത്തിലാണ്. കൃഷ്ണൻ എങ്ങനെ രാജയോഗം പഠിപ്പിക്കും കൃഷ്ണൻ സത്യയുഗത്തിൽ രാജ്യഭരണത്തിലായിരുന്നു, എന്നാൽ ആ രാജ്യഭരണം സ്ഥാപിച്ചത് ആരാണ്? ബാബയാണ്. പ്രാചീന ദേവീ-ദേവതമാരെ ഇങ്ങനെ ആക്കിയത് ആരാണ്? ആരാണ് രാജയോഗം പഠിപ്പിച്ചത്? അവർ കൃഷ്ണന്റെ പേര് പറയുന്നു. അച്ഛൻ പറയുകയാണ് ഞാൻ നിങ്ങൾ കുട്ടികളെ ഇപ്പോൾ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ ഭാഗ്യം ഉണർത്തി വന്നിരിക്കുകയാണ്, ഭാവിയിലെ പുതിയ ലോകത്തേക്ക് ഉയർന്ന പദവി നേടാൻ. ബാബ പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ പവിത്രമായ ലോകത്തിന്റെ അധികാരി ആകും മറ്റൊരു ഉപായവും ഇല്ല. ഒരു വശത്ത് ഓർമ്മിക്കുന്നു പതീതപാവനാ വരൂ എന്ന്. മറ്റൊരു വശത്ത് നദികളെ വിളിക്കുന്നു പതീത-പാവനീ... എത്ര തെറ്റാണ്, കാര്യം ചെറുതാണ് എങ്കിലും മനുഷ്യരുടെ കണ്ണുകൾ തുറക്കണം. ബാബ വരുമ്പോൾ വന്ന് മനസ്സിലാക്കിതരുന്നു എന്തെന്നാൽ പതീത പാവനൻ ഞാനാണ്. ഞാൻ തന്നെയാണ് നിങ്ങളെ ജ്ഞാന സ്നാനം ചെയ്യിച്ചുകൊണ്ട് പാവനമാക്കുന്നത്. ഇത് പതീത ലോകമാണ്. സന്യാസിമാർ അനേകം പ്രകാരത്തിലുള്ള യോഗങ്ങൾ പഠിപ്പിക്കുന്നു. പക്ഷേ രാജയോഗം പഠിപ്പിക്കുന്നവൻ ഒന്നേയുള്ളൂ അത് ഞാനാണ്. പരമപിതാവായ പരമാത്മാവിനെ തന്നെയാണ് പതീത-പാവനൻ എന്നുപറയുന്നത്. ബാബയെ പരമാവധി ഓർമ്മിക്കണം, പിന്നെ പെരുമാറ്റവും നന്നായിരിക്കണം. നമ്മൾ 16 കലാ സമ്പൂർണ്ണരാകാൻ പോകുകയാണ്. ആഹാര-പാനീയങ്ങൾ ശുദ്ധമായിരിക്കണം. ചിലർ പെട്ടെന്ന് ധാരണ ചെയ്യുന്നു. പാടപ്പെട്ടിരിക്കുന്നു സെക്കന്റിൽ ജീവന്മുക്തി. ഒരു ജനകൻ മാത്രമല്ല ഉള്ളത്. ഉദാഹരണമായി ഒരാളെ കാണിച്ചിരിക്കുന്നു. ഒരു ദ്രൗപദി മാത്രമല്ല ഉള്ളത്, സർവ്വരും അപമാനിതരാണ്. സ്ത്രീയും പുരുഷനും രണ്ടുപേരേയും പതീതമാകുന്നതിൽ നിന്ന് രക്ഷപ്പെടുത്തുന്നു. ഗീതയിൽ കൃഷ്ണന്റെ പേര് എഴുതിയിരിക്കുന്നു. ഈ സമയം നിങ്ങൾ കുട്ടികൾ എന്തൊക്കെ ചെയ്യുന്നുവോ അവ ഭക്തിയിൽ ഓർമ്മ ചിഹ്നങ്ങളായി മാറുന്നു. ശിവബാബയുടെ എത്ര വലിയ ക്ഷേത്രമാണുള്ളത്. ആരാണോ സർവീസ് ചെയ്യുന്നത്, അവരുടെ പ്രശസ്തി ഉണ്ടാകുന്നു. നിങ്ങളുടെ ദിൽവാഡാ ക്ഷേത്രം കൃത്യമായ ഓർമ്മച്ചിഹ്നമാണ്. താഴെ തപസ്സ് ചെയ്തുകൊണ്ടിരിക്കുന്നു മുകളിൽ രാജ്യഭരണത്തിന്റെ ചിത്രം വെച്ചിരിക്കുന്നു. ഇപ്പോൾ നിങ്ങൾ ബാബയോട് യോഗം വെച്ചുകൊണ്ടിരിക്കുക യാണ്, സ്വർഗ്ഗത്തിന്റെ അധികാരി ആകുന്നതിനു വേണ്ടി. സ്വർഗ്ഗത്തേയും ഓർമ്മിക്കുന്നു. ആരെങ്കിലും മരിക്കുകയാണെങ്കിൽ പറയും സ്വർഗ്ഗം പൂകി, പക്ഷേ സ്വർഗ്ഗം എവിടെയാണ്, ഇത് ആർക്കും അറിയില്ല. ഭാരതം സ്വർഗ്ഗമായിരുന്നു എന്ന് മനസ്സിലാക്കുന്നു എന്നിട്ടും മുകളിൽ ആണെന്ന് പറയുന്നു. ബാബ മനസ്സിലാക്കിതരുന്നു സെക്കന്റിൽ ജീവന്മുക്തി എന്നാണ് പാടപ്പെടുന്നത്. എന്നിട്ടും പറയുന്നു ജ്ഞാനത്തിന്റെ സാഗരമാണ് എന്ന്. കാടിനെ പേനയാക്കൂ, സാഗരത്തെ മഷിയാക്കൂ... എന്നാലും അവസാനിക്കുന്നില്ല, അന്തിമം വരെ പോകും. അപ്പോൾ പ്രയത്നം ചെയ്ത് പോകുകയല്ലേ. സെക്കന്റിന്റെ കാര്യവും ശരിയാണ്. അച്ഛനെ അറിഞ്ഞുവല്ലോ എന്നാൽ അച്ഛന്റെ സമ്പത്താണ് ജീവന്മുക്തി. ഒപ്പം തന്നെ ഇതും പഠിപ്പിച്ചുതന്നിരിക്കുന്നു ചക്രം എങ്ങനെയാണ് തിരിയുന്നത് എന്നത്, ധർമ്മം എങ്ങനെയാണ് സ്ഥാപിതമാകുന്നത് എന്നത്. മനസ്സിലാക്കിക്കൊടുക്കാൻ എത്രയും കാര്യങ്ങളാണ്. ഒപ്പം ബാബയെ ഓർമ്മിക്കൂ, സമ്പത്തിനെ ഓർമ്മിക്കൂ. നിങ്ങൾ ഓർമ്മിക്കുന്നു, നിശ്ചയവും ചെയ്യുന്നു – ഞങ്ങൾ വിശ്വത്തിന്റെ ചക്രവർത്തീപദം നേടിക്കൊണ്ടിരിക്കുകയാണ് എന്ന്. പിന്നെ എന്തുകൊണ്ടാണ് മറന്നുപോകുന്നത്? ബാബ പറയുകയാണ് എത്രത്തോളം ഓർമ്മിക്കുന്നുവോ, അത്രയും വികർമ്മങ്ങൾ വിനാശമാകും, ഇതിന് സമയം എടുക്കും, കർമ്മാതീതം ആകുന്നതുവരെ. കർമ്മാതീത അവസ്ഥ ആയിക്കഴിഞ്ഞാൽ പിന്നെ നിങ്ങൾക്ക്

ഇവിടെ വസിക്കാൻ കഴിയില്ല. കുട്ടികളെ വർഷങ്ങളായി മനസ്സിലാക്കിച്ചുകൊണ്ടിരിക്കുകയാണ് – കാര്യം തീർത്തും സഹജമാണ്. ഭഗവാനും ഭാഗ്യവും, ചക്രത്തിന്റെ രഹസ്യവും ബാബ മനസ്സിലാക്കിതരുന്നു. ബുദ്ധിയിൽ മുഴുവൻ രഹസ്യവും വന്നുകഴിഞ്ഞാൽ പിന്നെ മറ്റുള്ളവർക്കും മനസ്സിലാക്കി കൊടുക്കേണ്ടതാണ്. മുഴുവൻ ഡ്രാമയും ബുദ്ധിയിൽ വരുന്നു. അച്ഛനിൽ നിന്ന് വളരെ സഹജമായി സമ്പത്ത് നേടണം. പറയുന്നു ബാബാ യോഗം വരുന്നില്ല. മായ വികർമ്മങ്ങൾ ചെയ്യിക്കുന്നു. ബാബ മനസ്സിലാക്കിതരുന്നു കുട്ടികളേ അഥവാ വികർമ്മം ചെയ്തുപോയെങ്കിൽ പിന്നെ വളരെയധികം പുരുഷാർത്ഥം ചെയ്യേണ്ടിവരുന്നു. മായ ദേഹാഭിമാനത്തിൽ കൊണ്ടുവന്നിട്ട് തലതിരിഞ്ഞ കർമ്മം ചെയ്യിക്കുകയാണ്. അച്ഛൻ പറയുന്നൂ മക്കളേ എന്റേതായതിനുശേഷം ഒരു വികർമ്മവും ചെയ്യരുത്. നിങ്ങൾ പ്രതിജ്ഞ ചെയ്തതാണ് – എനിക്ക് ഒരേ ഒരു ശിവബാബ മാത്രമേ ഉള്ളൂ, മറ്റാരും തന്നെയില്ല. ഏതുപോലെ കന്യകമാർക്ക് അവരുടെ വിവാഹ നിശ്ചയം കഴിഞ്ഞാൽ പിന്നെ പതിയോട് എത്ര സ്നേഹമാണ് തോന്നുന്നത്. അപ്പോൾ പരിധിയില്ലാത്ത അച്ഛനോട് എത്ര സ്നേഹം തോന്നണം. നിങ്ങളുടേത് എത്ര ഗുപ്തമായ സ്നേഹമാണ്. അത് ലൗകികം, ഇത് ആത്മീയം. അതിന്റെ പ്രാക്ടീസ് ആയിരിക്കുന്നു. ഇത് നിങ്ങൾ അടിക്കടി മറന്നുപോകുന്നു എന്തെന്നാൽ പുതിയ കാര്യമാണ്. സ്വയം തന്നെ ആത്മാവ് ആണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം. നിങ്ങൾ ഈശ്വരന്റെ സഹായികൾ ആണ്. നിങ്ങൾ ആത്മീയ സേവാധാരികൾ ആണ്. നിങ്ങൾ യുദ്ധമൈതാനത്ത് നിൽക്കുകയാണ്. ബാബയാകുന്ന ഉസ്താദും നിൽക്കുകയാണ്. പറയുന്നു മായയോട് പൂർണ്ണമായും യുദ്ധം ചെയ്യൂ, ഈ അഞ്ച് വികാരങ്ങളും പ്രവേശിക്കാനേ പാടില്ല. എഴുതുന്നു ബാബാ ഈ ഭൂതം വന്നു. ബാബ പറയുന്നൂ ഈ ഭൂതങ്ങളെ ഓടിച്ചുകൊണ്ടേയിരിക്കൂ. ഇത് അന്തിമം വരേയും വന്നുകൊണ്ടേയിരിക്കും കൂടുതൽ ശക്തമായ കൊടുംകാറ്റുകൾ വരും. അജ്ഞാന കാലത്തുപോലും വന്നിട്ടില്ലാത്തവയും വരും. നിങ്ങൾ പറയും വാനപ്രസ്ഥത്തിലായിരുന്നു, ഒരിക്കലും ചിന്തയേ വന്നിരുന്നില്ല. ജ്ഞാനത്തിൽ വന്നതിലൂടെ കാമത്തിന്റെ ലഹരിയുണ്ടായിരിക്കുന്നു. സ്വപ്നത്തിൽ പോലും വരുന്നു, ഇത് എന്താണ്? അതിശയകരമായ ജ്ഞാനം തന്നെ എന്ന്. ചിലർ സംശയം വന്നിട്ട് ഉപേക്ഷിച്ചു പോകുന്നു. ബാബ പറഞ്ഞുതരികയാണ് – കൊടുങ്കാറ്റുകൾ വളരെയധികം വരും. എത്രത്തോളം ഫയൽവാൻ ആകുന്നുവോ അത്രയും മായ സ്വയം കീഴടങ്ങും, അതിനാൽ മഹാവീരർ ആയി സ്ഥിരതയുള്ളവരാകണം. ബാബയുടെ ഓർമ്മയിൽ ഇരിക്കണം. കർമ്മത്തിലേക്ക് വരരുത്. കർമ്മത്തിലേക്ക് വരുന്നതിലൂടെ വികർമ്മം ഉണ്ടാകുന്നു. വളരെയധികം പുരുഷാർഥം ചെയ്യണം, ദുഷിച്ച ശീലങ്ങൾ ഒഴിവാക്കണം. അവിനാശീ സർജ്ജൻ അറിയുന്നു, ഈ ബാബയും അറിയുന്നു. മായയുടെ അനേക പ്രകാരത്തിലുള്ള വിഘ്നങ്ങൾ ഉണ്ടാകുന്നു. ഇവിടെ വളരെയധികം ശുദ്ധമാകണം. സൂര്യവംശികൾ ആകാൻ ആഗ്രഹിക്കുന്നു എങ്കിൽ യോഗ്യരായി തീരേണ്ടതാണ്. ഇത് രാജയോഗമാണ്, പ്രജായോഗം അല്ല. അപ്പോൾ പുരുഷാർത്ഥം ചെയ്ത് രാജ്യപദവി നേടണം. നിങ്ങൾക്ക് യുക്തിയിലൂടെ ഗുപ്തമായ രീതിയിൽ എവിടെ വേണമെങ്കിലും പോകാൻ കഴിയും. ചോദിക്കണം – ഞങ്ങൾക്ക് പറഞ്ഞുതരൂ നാം ആരെ ഓർമ്മിക്കുമ്പോഴാണ് ദു:ഖത്തിൽ നിന്ന് മുക്തരാകുന്നത്? പറയാറുണ്ടല്ലോ – ഭാരതത്തിന്റെ പ്രാചീന യോഗം എന്നൊക്കെ, അത് എന്താണ്? താങ്കൾക്ക് ഞങ്ങളെ രാജാവാക്കുന്ന രാജയോഗം പഠിപ്പിക്കാൻ കഴിയുമോ? ഇങ്ങനെ ഇങ്ങനെയുള്ള കാര്യങ്ങൾ പറഞ്ഞ് ജ്ഞാനത്തിൽ കൊണ്ടുവരണം. നിങ്ങൾ അങ്ങനെയുള്ള ഗുസ്തി പ്രയോഗിക്കണം ഒറ്റ കാര്യത്തിലൂടെ അവരുടെ ബുദ്ധി ലൂസാകണം. യുക്തിയുള്ളവർ വേണം, അപ്പോൾ ബാബ ചോദിക്കുകയാണ് അത്രയും സർവ്വീസബിൾ ആയോ? വളരെ ശ്രദ്ധ വേണം. ലോകം ഈ സമയം വളരെ മോശമാണ്. ഇങ്ങനെയും ഒരു കഥയുണ്ട്. ദ്രൗപദിയുടെ പിന്നാലെ കീചകൻ... അതിനാൽ ബാബ പറയുന്നു വളരെ ശ്രദ്ധ വേണം. പ്രധാനമായ കാര്യം രാജയോഗത്തിന്റേതാണ്. ആർക്ക് വേണമെങ്കിലും മനസ്സിലാക്കിക്കൊടുക്കൂ എന്തെന്നാൽ രാജയോഗം പഠിപ്പിച്ചത് അച്ഛനാണ്, എന്നാൽ പേര് വെച്ചത് മകന്റേതും. രണ്ടാമതായി ഈ കാര്യം തെളിയിച്ചുകൊടുക്കൂ കൃഷ്ണൻ ഭഗവാൻ ഒരിക്കലും അല്ല. ഗീതയുടെ ഭഗവാൻ ശിവനാണ്, ശിവനിൽകൂടി സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കുന്നു. മനസ്സിലാക്കികൊടുക്കാനുള്ള യുക്തിയുണ്ടാകണം.

നിങ്ങളുടേത് ആത്മീയ സേവനമാണ്. അവരുടെ സോഷ്യൽ സർവീസ് പോലും ഭൗതികമാണ്. അത് ഭൗതിക സൊസൈറ്റിയാണ്. ഇതാണ് ആത്മീയ സൊസൈറ്റി. ആത്മാവിന് ഇഞ്ചക്ഷൻ ഏൽക്കുമ്പോഴാണ് പറയുന്നത് സത്ഗുരു ജ്ഞാന അഞ്ജനം നൽകി... ഇപ്പോൾ ആത്മാവിന്റെ ജ്യോതി അണഞ്ഞിരിക്കുകയാണ്. മനുഷ്യർ മരിക്കുമ്പോൾ ദീപം കത്തിക്കുന്നു. മനസിലാക്കുന്നു ആത്മാവ് അന്ധകാരത്തിലേക്ക് പോകുന്നു എന്ന്. തീർത്തും പരിധിയില്ലാത്ത അന്ധകാരമാണ്. അര കല്പം എണ്ണ ഒഴിച്ചിരുന്നില്ല. ആത്മാവിന്റെ ജ്യോതി അണഞ്ഞുപോയിരിക്കുന്നു. ഇപ്പോൾ ജ്ഞാനത്തിന്റെ നെയ്യ് ഒഴിക്കുന്നതിലൂടെ പ്രകാശമയമാകുന്നു. ഇപ്പോൾ അച്ഛൻ മക്കളോട് പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. ഇത് കൃഷ്ണന് പറയാൻ കഴിയില്ല. നമ്മൾ ആത്മാക്കൾ സഹോദരന്മാരാണ്, അച്ഛനിൽ നിന്ന് സമ്പത്ത് എടുത്തുകൊണ്ടിരിക്കുന്നു. ശരി നമ്മൾ

എത്ര സമയം ഓർമ്മയിൽ കഴിഞ്ഞു - ഈ ചാർട്ട് സൂക്ഷിക്കുന്നത് നല്ലതാണ്. പിന്നീട് പ്രാക്ടീസ് ചെയ്ത് ചെയ്ത് ആ അവസ്ഥയെ പക്കാ ആക്കണം. ഈ യുക്തി നല്ലതാണ്, സേവനവും ചെയ്തുകൊണ്ടിരിക്കൂ. ചാർട്ടും വെക്കൂ, പിന്നീട് ഉന്നതി പ്രാപിച്ചുകൊണ്ടിരിക്കും. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം -**

1. ഒരു തരത്തിലുമുള്ള ഭൂതം ഉള്ളിൽ പ്രവേശിക്കരുത്, ഇക്കാര്യത്തിൽ സൂക്ഷിക്കണം. ഒരിക്കലും മായയുടെ കൊടുംകാറ്റിൽ സംഭ്രാന്തി ഉണ്ടാകരുത്. മോശമായ ശീലങ്ങൾ കളയണം.

2. ഓർമ്മയുടെ ചാർട്ട് വെക്കണം, അതിനോടൊപ്പം തന്നെ ആത്മീയ സേവാധാരിയായി ആത്മാക്കൾക്ക് ജ്ഞാനമാകുന്ന ഇൻജക്ഷൻ കൊടുക്കണം.

**വരദാനം- ഏതൊരു കാര്യം ചെയ്തുകൊണ്ടും സദാ ഹൃദയസിംഹാസനധാരി യായിരിക്കുന്ന ചിന്തയില്ലാത്ത ചക്രവർത്തിയായി ഭവിക്കട്ടെ.**

ആരാണോ സദാ ബാപ്ദാദയുടെ ഹൃദയസിംഹാസനധാരിയായിരിക്കുന്നത് അവർക്ക് ചിന്തയില്ലാത്ത ചക്രവർത്തിയായിരിക്കാൻ കഴിയുന്നു, എന്തുകൊണ്ടെന്നാൽ ഈ സിംഹാസനത്തിന്റെ വിശേഷതയാണ് ആര് സിംഹാസനധാരിയാണോ അവർ സർവ്വ പ്രശ്നങ്ങളിൽ നിന്നും നിശ്ചിന്തരായിരിക്കും. ഇക്കാലത്തും ചില-ചില സ്ഥാനങ്ങൾക്ക് പ്രത്യേകമായി എന്തെങ്കിലുമൊക്കെ നവീനതയോ വിശേഷതയോ ലഭിച്ചിട്ടുണ്ട് എന്നത് പോലെ ഹൃദയസിംഹാസനത്തിന്റെ വിശേഷതയാണ്, ചിന്ത ഉണ്ടാവുകയേയില്ല. ഈ ഹൃദയ സിംഹാസനത്തിന് വരദാനം ലഭിച്ചിട്ടുണ്ട്, അതിനാൽ ഏതൊരു കാര്യം ചെയ്തുകൊണ്ടും സദാ ഹൃദയ സിംഹാസനധാരിയായിരിക്കൂ.

**സ്ലോഗൻ- മുമ്പിലെ നമ്പർ ലഭിക്കണമെങ്കിൽ സ്നേഹവും സഹയോഗത്തിനോടുമൊപ്പം ശക്തിരൂപത്തിന്റെ ധാരണ ചെയ്യൂ.**